## അനുബന്ധം - I

## വിയോജനക്കുറിപ്പ്

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആനന്ദ് മാതൃക ക്ഷീരോൽപാദക സഹകരണ സംഘം പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നുപേരെ കൂടി കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്തുന്നതിനും ക്ഷേമനിധിയിൽ അംഗത്വം നേടുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിനും ക്ഷീര കർഷകർ നൽകുന്ന അംശദായം സംഘങ്ങൾ ക്ഷേമനിധിയിലേക്ക് അടക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം പലിശസഹിതം ചുമതലപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് വസൂലാക്കുന്നതും ഉൾപ്പെടെയുള്ള വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിലൂടെ ക്ഷീര കർഷകർക്ക് മതിയായ സഹായങ്ങൾ ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ക്ഷീരകർഷകർക്ക് നൽകുന്ന പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുവാൻ സാധിക്കുന്നില്ല. മറ്റു ക്ഷേമനിധി ബോർഡുകൾ അംശദായമായി പിടിക്കുന്ന തുക റിട്ടയർമെന്റ് ആനുകൂല്യമായി തിരികെ നൽകുമ്പോൾ ക്ഷീര കർഷക ക്ഷേമനിധിയിൽ അടയ്ക്കുന്ന തുക തിരികെ നൽകുന്നുമില്ല. ക്ഷീരകർഷകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള നടപടികളാണ് ഉണ്ടാകേണ്ടത്. ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

അനൂപ് ജേക്കബ് (ഒപ്പ്)

എം. വിൻസെന്റ് (ഒപ്പ്)

കുറുക്കോളി മൊയ്തീൻ (ഒപ്പ്)

